നും കൃതികളെങ്കിലും 'കുങ്കുമം' നോവൽമത്സരങ്ങളിലൂടെ വെളിച്ചം കാണുകയുണ്ടായിട്ടുണ്ട്. ഈ മത്സരങ്ങളുടെ മൂല്യത്തെ സംബന്ധിച്ചിടത്തോളം ഇതിനേക്കാൾ വാചാലമായ സാക്ഷ്യം വേറെ വേണ്ടതില്ല.

12 ജൂലായ്, 1982

# 54. ഒരു മഹാഗ്രന്ഥത്തിന്റെ സുവർണജൂബിലി

മഹാരാഷ്ട്രത്തിലെ ധൂലിയാ സെൻട്രൽ ജയിലിൽ തടവുകാരനായിരിക്കെ ആചാര്യ വിനോബാഭാവേ തന്റെ ഇരുനൂറു കൂട്ടുതടവുകാരുടെ മുമ്പിൽ, 1932 ഫെബ്രുവരി 21 മുതൽ ജൂൺ 20 വരെ, ഭഗവദ്ഗീതയെപ്പറ്റി ഒരു പ്രസംഗപരമ്പര നടത്തുകയുണ്ടായി. 'ഗീതാപ്രവചനം' എന്ന പേരിൽ ഒരു പുസ്തകമായി പിന്നീടു സമാഹരിക്കപ്പെട്ട ഈ പ്രസംഗങ്ങൾക്ക് അത്ഭുതാവഹമായ പ്രചാരമാണുണ്ടായത്. ഹിന്ദി, ബംഗാളി, മറാഠി, ഗുജറാത്തി, ഉർദു, പഞ്ചാബി, ഒഡിയ, സിന്ധി, അസമിയ, കൊങ്കണി, നേപ്പാളി, മണിപ്പുരി, മൈഥിലി, ബാഗ്ഡി, തമിഴ്, തെലുങ്ക്, കന്നഡം, മലയാളം, സംസ്കൃതം എന്നീ ഭാരതീയ ഭാഷകളിലും ഇംഗ്ലീഷ്, ജർമൻ, ഡാനിഷ് എന്നീ യൂറോപ്യൻ ഭാഷകളിലും ഈ പുസ്തകം വിവർത്തനം ചെയ്യപ്പെട്ടു. അതിന്റെ പതിനാറു ലക്ഷത്തി നാല്പത്തോരായിരത്തി മുന്നൂറു പ്രതികൾ വിറ്റഴിഞ്ഞു.

ഭാരതീയമെന്നോ 'ഗാന്ധിയൻ' എന്നോ വിശേഷിപ്പിക്കാവുന്ന ജീവിതദർശനത്തിന്റെ ദാർശനികാധാരമെന്ന് കരുതപ്പെടുന്ന ഈ മഹാഗ്രന്ഥത്തിന്റെ സുവർണജൂബിലി 1982 ഫെബ്രുവരി 21 മുതൽ ജൂൺ 20 വരെ ഇന്ത്യയിലൊട്ടാകെ ആഘോഷിക്കാൻ വർധയിൽ പൗനാറിലെ വിനോബാ ആശ്രമക്കാർ ഏർപ്പാടു ചെയ്തിരുന്നു. ഈ അവസരത്തിൽ ഇംഗ്ലീഷിലും ഹിന്ദിയിലും പ്രസിദ്ധീകരിക്കുന്ന 'സ്മരണിക'യിൽ ഭഗവദ്ഗീതയിലെ സർവമത സമന്വയം, സത്യത്തെയും അഹിംസയെയും ആദർശമാക്കി ജീവിക്കുന്നതിനു വ്യത്യസ്ത വ്യക്തികൾ നടത്തിയ പരിശ്രമങ്ങളും അവകൊണ്ട് കൈവന്ന നേട്ടങ്ങളും, ആധുനിക യാന്ത്രിക സഭ്യതയുടെ കൃത്രിമതയിൽനിന്ന് പ്രകൃതിയുടെ സരളതയിലേക്കു തിരിച്ചു പോകുന്നതിനുള്ള സാധ്യതകൾ, മനുഷ്യസംസ്കാരത്തിലെ പുതിയ ചിന്തകൾ, ഇന്ത്യയുടെ ഐക്യത്തിനു ഗീത നല്കുന്ന സംഭാവന, ഗീതയുടെ ജീവിതസന്ദേശം, ഭാരതീയമായ ആധ്യാത്മികസാഹിത്യം, വിനോബായുടെ ജീവിതദർശനം മുതലായ വിഷയങ്ങളെപ്പറ്റിയുള്ള ധാരാളം ലേഖനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. സുവർണജൂബിലി സംബന്ധിച്ച മുഖ്യ ചടങ്ങുകൾ പൗനാറിലും ദില്ലിയിൽ രാജ്ഘാട്ടിലും ധൂലിയാ സെൻട്രൽ ജെയിലിലുമാണു നടത്തുക. ഗീതാപ്രവചനം ഇന്ത്യയിലെ എല്ലാ ഭാഷകളിലും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തും, അതിനു വിദ്യാലയങ്ങളിലും ബഹുജനങ്ങൾക്കിടയിലും പരമാവധി പ്രചാരണം നല്കുകയും ചെയ്യും. ഇന്ത്യാഗവണ്മെന്റ് ഈ അവസരം പ്രമാണിച്ച് ഒരു ഡോക്യുമെന്ററി ചിത്രം നിർമിക്കുന്നുണ്ട്. പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്ക് വിവിധ ഭാഷകളിൽ ഉപന്യാസ മത്സരങ്ങൾ, റേഡിയോ പ്രഭാഷണങ്ങൾ, നാടകങ്ങൾ മുതലായവ നടത്താനും തീരുമാനിച്ചിരുന്നു.

മഹാത്മാഗാന്ധിയുടെ മരണത്തിനുശേഷം, ഗാന്ധിദർശനത്തിന്റെ

വ്യാഖ്യാതാവും പ്രയോക്താവുമെന്ന നിലയിലാണ് വിനോബാഭാവേ ഇന്ത്യയിൽ പ്രസിദ്ധി നേടിയത്. ജന്മിസമ്പ്രദായം അഹിംസാത്മകമായി അവസാനിപ്പിക്കാൻ അവതരിപ്പിക്കപ്പെട്ട ഭൂദാനപ്രസ്ഥാനവും ചംബൽ താഴ്‌വരയിലെ കൊള്ളക്കാർക്ക് മാനസ പരിവർത്തനം വരുത്തുന്നതിനു ചെയ്ത പരിശ്രമങ്ങളുമാണ്, വിനോബായുടെ പേരു കേൾക്കുമ്പോൾ അധികമാളുകളുടെയും ഓർമയിൽ ഓടിയെത്തുക. ഈ രണ്ടു രംഗങ്ങളിലും വിനോബായ്ക്ക്, പ്രത്യക്ഷത്തിൽ, വിജയം ലഭിക്കുകയുണ്ടായില്ല. അഹിംസയിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യവും വ്യത്യസ്ത മത വിഭാഗങ്ങളുടെ മൈത്രിയും നേടുന്നതിനുള്ള മഹാത്മാഗാന്ധിയുടെ പരിശ്രമങ്ങൾക്കും ഭാഗികമായി മാത്രമാണല്ലോ വിജയം കൈവന്നത്. എന്നാൽ, ഗാന്ധിയുടേയും തുടർന്ന് വിനോബായുടേയും പ്രസ്ഥാനങ്ങൾ താല്ക്കാലിക ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള രാഷ്ട്രീയ പരിപാടികൾ മാത്രമായിരുന്നില്ല.

യാന്ത്രിക-വ്യാവസായിക സംസ്കാരത്തിന്റെ ഈ കാലഘട്ടത്തിൽ ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യരുടെ ഭൗതികങ്ങളും ആദ്ധ്യാത്മികങ്ങളുമായ പ്രശ്നങ്ങൾക്ക് മനുഷ്യോചിതമായ പരിഹാരം ആവിഷ്കരിക്കുന്നതിനുള്ള സമഗ്രപരീക്ഷണങ്ങൾ എന്ന നിലയ്ക്കാണ് ഈ പ്രസ്ഥാനങ്ങൾക്ക് ലോകചരിത്രത്തിൽ പ്രസക്തി. ആ നിലയ്ക്ക് അവ വിജയങ്ങളോ പരാജയങ്ങളോ എന്ന് ഇപ്പോൾ പറയുക വയ്യ. ക്രിസ്തുവിന്റെ കുരിശാരോഹണം കഴിഞ്ഞ് ഒന്നോ രണ്ടോ ദശകങ്ങൾക്കകം, ആ ആത്മത്യാഗത്തിന്റെ വിലയിരുത്താൻ ഒരാൾ മുതിർന്നിരുന്നുവെങ്കിൽ, എന്തായിരിക്കാം, അയാളുടെ നിഗമനം? ഈരില വിരിച്ച തൈ മാത്രം കണ്ട് ആലിന്റെ ഭാവിരൂപം പ്രവചിക്കുന്നതിലർത്ഥമില്ല.

വിനോബയെ നാം ഇപ്പോൾ മതിക്കുന്നത്, മുഖ്യമായും, രാഷ്ട്രീയ പ്രവർത്തകനെന്ന നിലയ്ക്കാണ്. പക്ഷേ, വിനോബയുമായി ദീർഘകാലം അടുത്തിടപെട്ട ജയപ്രകാശ് നാരായണൻ പറയുന്നു: 'വിനോബാ ഒരു രാഷ്ട്രീയ പ്രവർത്തകനോ, സമൂഹ പരിഷ്കർത്താവോ, വിപ്ലവകാരിയോ അല്ല. ആദ്യമായും അവസാനമായും അദ്ദേഹമൊരു ദൈവപുരുഷൻ ആണ്. ഈശ്വരസായൂജ്യം നേടുന്നതിനുള്ള ഒരു പരിശ്രമം മാത്രമാണ് അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം, മനുഷ്യസേവനം. ഓരോ നിമിഷവും അദ്ദേഹം യത്നിക്കുന്നത് തന്നെ പൂർണമായും മായ്ച്ചുകളയാനാണ്, താൻ ഈശ്വരന്റെ ഒരുപകരണമായിത്തീരുമാറ് ഈശ്വരൻ തന്നിൽ വന്നു നിറയാൻവേണ്ടി സ്വയം ശൂന്യവത്കരിക്കുന്നതിനാണ്.'

മഹാരാഷ്ട്രത്തിലെ ഒരു ബ്രാഹ്മണ കുടുംബത്തിൽ 1895 സെപ്തംബറിൽ ജനിച്ച വിനോബായ്ക്കു ബാല്യത്തിൽത്തന്നെ ഇഹലോക കാര്യങ്ങളിൽ താല്പര്യമില്ലായിരുന്നു. പഠനവിഷയങ്ങളിൽ രസം തോന്നാതെ കോളേജ് വിട്ട അദ്ദേഹം നിത്യബ്രഹ്മചര്യവ്രതം സ്വീകരിക്കുകയും കാശിയിൽ ചെന്ന് സംസ്കൃതഭാഷയും വേദാന്തദർശനവും പഠിക്കുകയും ചെയ്തു. ആജീവന വിദ്യാർത്ഥിയായ വിനോബായ്ക്ക് ഒട്ടേറെ ഭാഷകളറിയാം. ഖുർ ആൻ വായിക്കുന്നതിന് അദ്ദേഹം അറബി ഭാഷ പഠിച്ചു. വിവിധ വിഷയങ്ങളിൽ അഗാധമായ അവഗാഹം അദ്ദേഹത്തിനുണ്ട്. ഗണിതശാസ്ത്രം അദ്ദേഹത്തിനു പ്രിയപ്പെട്ട ഒരു വിജ്ഞാനശാഖയാണ്. എന്നാൽ, വെറും വിവരങ്ങൾ ശേഖരിക്കുന്നതിലല്ല, അവയ്ക്കടിയിലെ ജീവിതസത്യങ്ങൾ ചികഞ്ഞെടുക്കുന്നതിലാണ് അദ്ദേഹത്തിനു താല്പര്യം. 'ക്ഷൗരക്കത്തിയുടെ വായ്ത്തലപോലെ മൂർച്ചയേറിയതാണ് വിനോബായുടെ ബുദ്ധി, ഇത്തരത്തിൽ മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല' എന്ന് ജയപ്രകാശ് നാരായണൻ പ്രസ്താവിച്ചിട്ടുണ്ട്.

പരസ്പര പ്രതിസ്പർധികളായിരുന്ന രണ്ട് ആവേശങ്ങളുടെ മല്ലയുദ്ധ

രംഗമായിരുന്ന യുവാവായ വിനോബായുടെ അന്തരംഗം. സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനുള്ള ഇന്ത്യയുടെ സമരത്തിൽ പങ്കു ചേർന്ന് സഹജീവികളെ സേവിക്കുന്നതിനുള്ള താല്പര്യമായിരുന്നു അവയിലൊന്ന്. ബംഗാളിലെ യുവ വിപ്ലവകാരികളുടെ ഭാഗത്തേക്കാണ് ഈ താല്പര്യം അദ്ദേഹത്തെ ആകർഷിച്ചത്. അതേസമയം, നിർജനങ്ങളായ ഹിമാലയാധിത്യകകളിൽ ആത്മചിന്തനത്തിൽ മുഴുകി ബാഹ്യപ്രപഞ്ചം മറന്നു ജീവിക്കാനും അദ്ദേഹം ആഗ്രഹിച്ചു. ഈ രണ്ട് ആവേശങ്ങളിൽ ഒന്നു തിരഞ്ഞെടുക്കാൻ കഴിയാതെ വിനോബ കുഴങ്ങുമ്പോഴായിരുന്നു മഹാത്മാഗാന്ധി തെക്കേ ആഫ്രിക്കയിലെ സത്യാഗ്രഹ പരീക്ഷണങ്ങൾ അവസാനിപ്പിച്ച് ഇന്ത്യൻ രാഷ്ട്രീയ രംഗത്തിലേക്ക് ഒരു പുതിയ വസന്തംപോലെ കടന്നുവന്നത്. ഗാന്ധിയിൽ തന്റെ രണ്ട് ആവേശങ്ങളും വിരോധം വെടിഞ്ഞു സമന്വയിക്കുന്നതായി വിനോബാ കണ്ടു. 1916-ൽ ഗാന്ധിജിയുടെ ശിഷ്യനായി സബർമതി ആശ്രമത്തിലെത്തിച്ചേർന്ന വിനോബായ്ക്ക് പിന്നീടു തിരിഞ്ഞു നോക്കേണ്ടിവന്നിട്ടില്ല. ഗാന്ധിജിയുടെ അഹിംസാസിദ്ധാന്തത്തെ സമഗ്രമായ ഒരു ജീവിത ദർശനമാക്കി വികസിപ്പിക്കുന്നതിൽ വിനോബായുടെ സംഭാവന അദ്വിതീയമായിരുന്നു. രണ്ടാം മഹായുദ്ധകാലത്ത് യുദ്ധവിരുദ്ധ വ്യക്തിസത്യാഗ്രഹത്തിന് മഹാത്മാഗാന്ധി തിരഞ്ഞെടുത്തതോടെ വിനോബാ പൊടുന്നനെ ലോകപ്രസിദ്ധി നേടി. രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ ഇന്ത്യയിൽ ശരിയായ ജനാധിപത്യവും സമത്വാധിഷ്ഠിതമായ സാമ്പത്തിക വികസനവും സർവമത സമന്വയവും നേടുന്നതിനുള്ള മഹത്തായ ഒരു പ്രസ്ഥാനം ആരംഭിക്കുന്നതിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കവേ ആണ്, 1948-ൽ മഹാത്മാഗാന്ധി വെടിയേറ്റു മരിച്ചത്. അഹിംസാധിഷ്ഠിതമായ ജനാധിപത്യ സമുദായത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ സ്വപ്നം ഗുരുവിൽനിന്നു പൈതൃകമായി ശിഷ്യൻ കൈയേറ്റു. 'സർവോദയം' എന്ന പേരിൽ വ്യവഹരിക്കപ്പെടുന്നത് ഈ സ്വപ്നമാണ്. എന്നത്തേക്കാളും ദൂരത്തിലാണ് ആ സ്വപ്നം ഇന്നു നിലകൊള്ളുന്നത്. എന്നെങ്കിലും അത് യാഥാർത്ഥ്യം ആയിത്തീരുമെന്നു വിശ്വസിക്കാൻ ഇന്ന് അസാധാരണമായ ശുഭപ്രതീക്ഷയോ മൗഢ്യമോ ഉള്ളവർക്കേ കഴിയൂ.

ഇത്, പക്ഷേ, ദരിദ്രമായ ഇന്ത്യയിലെ സ്ഥിതിയാണ്. സമ്പന്നമായ പശ്ചിമ ജർമനിയിൽനിന്നു കിട്ടിയ രണ്ടു വാരികകൾ ഇതെഴുതുമ്പോൾ എന്റെ മുന്നിലുണ്ട്. രണ്ടിലുമുണ്ട് 'യുവജനങ്ങളുടെ വിപ്ലവത്തെ'ക്കുറിച്ചുള്ള ലേഖനങ്ങൾ. പ്രശ്നങ്ങളൊന്നുമില്ലാത്തതെന്നു നാം കരുതുന്ന സ്വിറ്റ്സർലണ്ടിലെ ഡ്യൂറിച്ച് നഗരത്തിൽ 1980-ലാണത്രേ, പോലീസുമായി യുവജനങ്ങളുടെ ഏറ്റുമുട്ടലിന്റെ രൂപത്തിൽ, ഇപ്പോഴത്തെ 'വിപ്ലവം' ആരംഭിച്ചത്. മറ്റു യൂറോപ്യൻ നഗരങ്ങളിലും ഈ വിപ്ലവം പല രൂപത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഒഴിഞ്ഞു കിടക്കുന്ന വീടുകൾ കൈയേറി അവയിൽ പാർപ്പുറപ്പിക്കുകയാണ് 'വിപ്ലവ'ത്തിന്റെ ഒരു രൂപം. തലമുറകൾ തമ്മിലുള്ള അഗാധമായ വിടവാണു തെരുവിലെ ഈ ഏറ്റുമുട്ടലുകൾ കാണിക്കുന്നതെന്ന് ഒരു പത്രം എഴുതുന്നു. തുടർന്നു വായിക്കുക:

'സ്വിറ്റ്സർലണ്ടിൽ സത്യമായത് പടിഞ്ഞാറൻ ജർമനിയിലും സത്യം തന്നെ; വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥ, ധനിക-ദരിദ്ര വ്യത്യാസമില്ലാത്ത പരക്കെയുള്ള സമൃദ്ധി, അബാധിതമായ ജനാധിപത്യം—ആർക്കും അസൂയയുണ്ടാക്കാവുന്ന ആസ്തികളാണ് ഇവ. പക്ഷേ, ഇതേ സാമ്പത്തിക-രാഷ്ട്രീയ നേട്ടങ്ങളിലാണ് ഇന്നത്തെ അസ്വസ്ഥതയുടെ വേരുകൾ. യുദ്ധാനന്തര തലമുറ വർഷങ്ങളോളം അത്യധ്വാനം ചെയ്തു സമ്പത്സമൃദ്ധി നേടി. ഇന്ന് അവർ അച്ഛന്മാരും മുത്തച്ഛന്മാരു

മായിരിക്കുന്നു. കടുത്ത ജീവിതമത്സരവുമായി അവർ പൊരുത്തപ്പെട്ടിരിക്കുന്നു....പക്ഷേ, ഈ 'എലിപ്പന്തയം' യുവതലമുറയെ നിരാശപ്പെടുത്തുന്നു. സ്കൂളിൽത്തുടങ്ങുന്നു അവരുടെ മത്സരപ്പാച്ചിൽ. എല്ലാവർക്കും വിദ്യാഭ്യാസത്തിൽ അവസരസമത്വം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, വാസ്തവം വിഭിന്നമാണ്. യൂണിവേഴ്സിറ്റികളിലും സാങ്കേതിക സ്ഥാപനങ്ങളിലും വേണ്ടതിൽ വളരെക്കുറച്ചേ സീറ്റുകൾ ഉള്ളൂ. അതിനാൽ സ്കൂളിൽ വളരെയേറെ മാർക്കു നേടിയാലേ തുടർന്നു പഠിക്കാൻ അവസരം കിട്ടൂ. ഏറ്റവും സമർത്ഥന്മാരായ വിദ്യാർത്ഥികളെ മാത്രമേ കോളേജുകൾ സ്വീകരിക്കുകയുള്ളൂ. വ്യവസായരംഗത്തു മിക്ക സ്ഥാപനങ്ങളിലും മിടുക്കന്മാരെ മാത്രം അപ്രന്റീസുകളായി തിരഞ്ഞെടുക്കുന്നു; മറ്റുള്ളവർക്ക് ഒരു ചാൻസും കിട്ടുന്നില്ല. യുവജനങ്ങളുടെ സാമൂഹ്യങ്ങളായ കാഴ്ചപ്പാടുകൾ വികലങ്ങളാകുകയും, നിലവിലുള്ള വ്യവസ്ഥിതിയിൽ അവർക്ക് അവിശ്വാസം വളരുകയുമാണ് ഇതിന്റെ ഫലം. യുവാക്കൾ ആവശ്യപ്പെടുന്നതു വ്യത്യസ്തമായ ഒരു ജീവിതസമ്പ്രദായമാണ്. അതിനെപ്പറ്റി ചർച്ച ചെയ്യാൻ മുതിർന്നവർക്കു കഴിവുതന്നെയില്ല. ഫലമോ? തങ്ങളുടെ വിശ്വാസങ്ങളും കഷ്ടപ്പെട്ടു തങ്ങൾ നേടിയ സമ്പത്സമൃദ്ധിയും അപകടത്തിലാണെന്ന ആശങ്ക മുതിർന്നവർക്കുണ്ടാകുന്നു. 'ശരി', 'തെറ്റ്' എന്നിവ സംബന്ധിച്ച ധാരണകൾതന്നെ കടകവിരുദ്ധമാണ് രണ്ടു തലമുറകളിലും.

'യുവജനങ്ങൾ പൊതുവെ അണുശക്തിക്കും പരിസരദൂഷണത്തിനും എതിരാണ്. പക്ഷേ, അവരുടെ മുദ്രാവാക്യങ്ങൾ പലപ്പോഴും അവ്യക്തങ്ങളത്രേ. 'നമുക്ക് യാഥാർത്ഥ്യവാദികളാവുക; അസാദ്ധ്യം ആവശ്യപ്പെടുക' എന്നതു് അത്തരമൊരു മുദ്രാവാക്യമാണ്. 'സർക്കാരിനെപ്പിടിച്ചു വെള്ളരിക്കാപ്പച്ചടി വെയ്ക്കുക,' 'നിയമാനുസൃതമോ, നിയമവിരുദ്ധമോ എന്തായാലെന്തു്?' 'ഞങ്ങൾക്ക് എല്ലാം വേണം, ഇപ്പോൾ വേണം' 'അധികാരം മുഴുവൻ ആരുടെയും കൈയിലാവരുതു്' എന്നിവയത്രേ മറ്റു ചില യുവജന മുദ്രാവാക്യങ്ങൾ. ഈ മുദ്രാവാക്യങ്ങളും മുഴക്കി ഇവർ ബർലിൻ നഗരസഭയുടെ വക 150 കെട്ടിടങ്ങളിൽ അധനികൃതമായി കുടിയേറിപ്പാർക്കുകയുണ്ടായി.

'ഇതൊരു ന്യൂനപക്ഷത്തിന്റെ പ്രതിഷേധമല്ലെന്ന് ജർമൻ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി നിയമിച്ച ഒരു പഠനസംഘം പ്രഖ്യാപിച്ചു. ഭാവിയെപ്പറ്റി നിഷേധാത്മക പ്രതീക്ഷകളും തൽഫലമായുണ്ടാവുന്ന നൈരാശ്യവാദവും ചെറുപ്പക്കാർക്കിടയിൽ പരന്നുപിടിച്ചിരിക്കുന്നുവെന്നത്രേ ഈ സംഘത്തിന്റെ നിഗമനം. ജീവിതഭദ്രതയില്ലെന്ന്, ഭാവി കാണാൻ തങ്ങൾ ജീവിച്ചിരിക്കുകയില്ലെന്ന്, യുവജനങ്ങൾ കൂടുതൽ കൂടുതലായി കരുതുന്നു.'

മുതലാളിത്തമായാലും കമ്മ്യൂണിസമായാലും, രണ്ടും എത്തിച്ചേരുന്നതു് യാന്ത്രിക-വ്യാവസായിക സംസ്കൃതയിലാണ്. ഈ സഭ്യതയ്ക്കെതിരായാണ് യൂറോപ്പിലെ സമ്പന്നരാജ്യങ്ങളിലെ യുവജനങ്ങൾ വിപ്ലവക്കൊടിയുയർത്തുന്നതു്. പ്രകൃത്യനുസൃതവും സ്വന്തം പ്രതിഭകൾക്കു പ്രകാശനാവസരം നല്കുന്നതുമായ ഒരു ജീവിത വികല്പത്തിന് അവർ ആഗ്രഹിക്കുന്നു. സർവോദയം അത്തരമൊരു ജീവിതവികല്പമായിക്കൂടെന്നില്ല.

അതു് സർവോദയത്തിന്റെ കഥ. ഇനി ഗീതയുടെ കഥയോ? 'ഹരേകൃഷ്ണ' പ്രസ്ഥാനക്കാർ ചൈനീസ് ഭാഷയിൽ വിവർത്തനം ചെയ്തു അച്ചടിച്ച ഭഗവദ്ഗീതയുടെ നാലായിരം പ്രതികൾക്ക് ജനകീയ ചൈനാ ഗവണ്മെന്റ് ഓർഡർ നല്കിയിരിക്കുന്നതായി കുറെ മുമ്പു പത്രത്തിൽ വായിച്ചിരുന്നു.

13 ജൂൺ, 1982